**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 375** | **23-08-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് ഭവന പദ്ധതി പ്രകാരം, ഭൂരഹിതരായ ആളുകൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് എത്ര രൂപയാണ് ധനസഹായം അനുവദിക്കുന്നത്; വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.09.2019-ലെ ഡി.ബി1/304/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം (സർക്കുലർ അനുബന്ധം ആയി ചേർക്കുന്നു) നിർദ്ദേശിച്ചിട്ടുള്ള തുകയാണ് ഭൂരഹിതരായ ആളുകൾക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായമായി അനുവദിക്കുന്നത്. ഇതിന് പുറമെ ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും (പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് 6ലക്ഷം രൂപ) ധനസഹായമായി അനുവദിച്ച് വരുന്നു |
| (ബി) | പദ്ധതി പ്രകാരം നേരത്തെ നിശ്ചയിച്ച ധനസഹായ തുകയിൽ നിന്നും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പദ്ധതി പ്രകാരം നേരത്തെ നിശ്ചയിച്ച ധനസഹായ തുകയിൽ മാറ്റം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം LSGD-DB1/304/2019-LSGD
തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26/09/2019

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയിൽ സ്വന്തമായി ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പൊതു വിഭാഗത്തിനും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും - നിരക്ക് നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന:- 29.08.2019 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം 2.1 (ഖണ്ഡിക 3.3.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ സൂചനയിലെ തീരുമാനപ്രകാരം, ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനുള്ള നിരക്ക് ചുവടെപ്പറയും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.
മറ്റു പദ്ധതിപ്രകാരവും വീട്ടു വയ്ക്കാനായി ഭൂമി വാങ്ങുന്നതിന് ഈ നിരക്കു തന്നെ ബാധകമായിരിക്കും.

**A) ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ:**

| | | |
|---|---|---|
| (i) | ജനറൽ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) | - 2.00 ലക്ഷം രൂപ |
| (ii) | പട്ടികജാതി വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക്പരമാവധി തുക) | - 2.25 ലക്ഷം രൂപ |
| (iii) | പട്ടികവർഗ്ഗവിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക്പരമാവധി തുക) | - 2.25 ലക്ഷം രൂപ |

**B) മുനിസിപ്പൽ പ്രദേശങ്ങളിൽ:**

| | | |
|---|---|---|
| (i) | ജനറൽ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) | - 2.70 ലക്ഷം രൂപ |
| (ii) | പട്ടികജാതി വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) | - 3.00 ലക്ഷം രൂപ |
| (iii) | പട്ടികവർഗ്ഗവിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) | - 3.00 ലക്ഷം രൂപ |

**C) കോർപ്പറേഷൻ പ്രദേശങ്ങളിൽ:**

| | | |
|---|---|---|
| (i) | ജനറൽ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) | - 5.25 ലക്ഷം രൂപ |
| (ii) | പട്ടികജാതി വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) | - 6.00 ലക്ഷം രൂപ |
| (iii) | പട്ടികവർഗ്ഗവിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക) | - 6.00 ലക്ഷം രൂപ |

വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങാൻ നൽകാവുന്ന പരമാവധി തുകയാണ് ഇത്. മേൽ സൂചിപ്പിച്ചിട്ടുള്ളതിനേക്കാൾ കുറവാണ് സ്ഥലം വാങ്ങുന്നതെങ്കിൽ ഈ നിരക്കിന് ആനുപാതികമായി ധനസഹായവും കുറവ് ചെയ്യേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

PATSY STEPHEN
JOINT SECRETARY

സെക്ഷൻ ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ/ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)

തദ്ദേശസ്വയംഭരണ(ഡി.എ വകുപ്പ്)

പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പ്

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

പകർപ്പ്:

തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യുടെ പി.എയ്ക്ക്